# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 196 — 26/09/2016-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളുടെ ചികിത്സാ നിരക്ക് ഏകീകരിയ്ക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | 2016 ആഗസ്റ്റ് മാസം, കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തന ഉദ്ഘാടനം നടത്തിയ വേളയിൽ, സ്വകാര്യ ആശുപത്രികളുടെ ചികിത്സാ നിരക്ക് ഏകീകരിയ്ക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇതു പ്രകാരം എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | എ) യും ബി) യും | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ബിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിവിധ ക്ലിനിക്കൽ വിഭാഗം തലവന്മാർ എന്നിവർ അംഗങ്ങളായും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയും രൂപീകരിച്ച ഒരു വിദഗ്ധ സമിതി പ്രസ്തുത ബില്ലിന്റെ കരടിന് രൂപം നൽകുകയും ചെയ്തു. ബിൽ നിയമസഭയിൽ ആവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. |
| ബി) | ഒരേ ചികിത്സയ്ക്ക് വിവിധ ആശുപത്രികളിൽ, തോന്നുംപടി അമിത ഫീസ് ഈടാക്കുന്ന സമ്പ്രദായത്തിന് എതിരെ എന്തൊക്കെ കർശന നടപടി സ്വീകരിക്കും; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ